7/99/ധന. ലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ മുഴുവൻ ക്ഷേമനിധി ബോർഡുകളുടേയും നിക്ഷേപം ഇപ്പോൾ ട്രഷറികളിൽ തന്നെയാണോയെന്ന കാര്യം പരിശോധിക്കേണ്ടിയിരിക്കുന്നു.

(സി) സർക്കാരിൽനിന്നും ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, കമ്പനികൾ, മറ്റ് അർദ്ധസർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ നിക്ഷേപങ്ങൾ ട്രഷറിയിൽ തന്നെയാകണമെന്ന് ഇതിനകം തന്നെ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ടി നിർദ്ദേശങ്ങൾ നടപ്പിൽ വരുത്താത്ത സ്ഥാപനങ്ങളുടെ ഗ്രാന്റുകളും മറ്റും അടയ്ക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ട്രഷറിയിലെ നിക്ഷേപത്തോത് വർദ്ധിക്കാനാണ് സാദ്ധ്യത.

(ഡി) സംസ്ഥാനത്തെ ട്രഷറികളിൽ പൊതുജനങ്ങൾക്ക് പണം നിക്ഷേപിക്കുന്നതിന് നിലവിലുള്ള സൗകര്യങ്ങൾ മതിയാകുന്നതാണ്.

(ഇ) ട്രഷറി സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾ ഭാരതീയ റിസർവ് ബാങ്ക്, നാളിതുവരെ ആയി ബാങ്കിംഗ് മേഖലയായി അംഗീകരിക്കപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ വേണ്ടത്ര പ്രചാരണ പ്രവർത്തനങ്ങൾ നടത്തുവാൻ സർക്കാർതലത്തിൽ സാധിച്ചിട്ടില്ല.

23 (*548) ഇൻഡ്യൻ നിർമ്മിത വിദേശമദ്യം ഉൽപ്പാദിപ്പിക്കുന്ന ഡിസ്റ്റിലറികൾ

ശ്രീമതി രാധാ രാഘവൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ഡോ: എം.എ. കുട്ടപ്പൻ :
ശ്രീ. കെ. ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇൻഡ്യൻ നിർമ്മിത വിദേശമദ്യം ഉൽപ്പാദിപ്പിക്കുന്ന ഡിസ്റ്റിലറികൾ ഏതെല്ലാമാണ്;

(ബി) ഇവയുടെ ഉൽപ്പാദനശേഷി എത്രയാണ്; ഇവയുടെ ഉൽപ്പാദന ശേഷി പൂർണ്ണമായി ഉപയോഗിക്കുന്നുണ്ടോ;

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം എത്ര പുതിയ ഡിസ്റ്റിലറികൾ അനുവദിച്ചു; ഏതെല്ലാം;

(ഡി) മറ്റു സംസ്ഥാനത്തുനിന്നും ഇൻഡ്യൻ നിർമ്മിത വിദേശമദ്യം കേരളത്തിലേക്ക് കൊണ്ടുവരുന്നത് തടയാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി എന്തെല്ലാം നടപടി സ്വീകരിച്ചു?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ)&(ബി) സംസ്ഥാനത്ത് ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം ഉൽപ്പാദിപ്പിക്കുന്ന ഡിസ്റ്റിലറികളുടെ പേരും അവയുടെ ഉൽപ്പാദനശേഷിയും (കെയ്സ് കണക്കിൽ ചുവടെ ചേർക്കുന്നു:-)

1. യുണൈറ്റഡ് ഡിസ്റ്റിലറി, വേങ്ങിലപ്പാറ – 2100

LIBRARY ARCHIVES Kerala Legislative Assembly

2.	കേരള ഡിസ്റ്റിലറിസ് ആന്റ് അലൈഡ് പ്രോഡക്ട്സ് ലിമിറ്റഡ്, പാലക്കാട്	- 3000
3.	തോട്ടക്കാട് ഡിസ്റ്റിലറി, ആലുവ	- 400
4.	കെയ്സി ഡിസ്റ്റിലറി, പുതുക്കാട്	- 5000
5.	പോൾസൺ ഡിസ്റ്റിലറി, ചാലക്കുടി	- 2500
6.	സെവൻസസ് ഡിസ്റ്റിലറി, മണ്ണുത്തി	- 5000
7.	കേരള ആൽക്കഹോളിക് പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട്	- 2900
8.	സൂപ്പർ സ്റ്റാർ ഡിസ്റ്റിലറി, തൃശ്ശൂർ	- 2000
9.	മാക്ഡവൽ ഡിസ്റ്റിലറി, ചേർത്തല	- 3500
10.	ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ്, തിരുവല്ല	- 1200
11.	കാസനോവ ഡിസ്റ്റിലറി, കോട്ടയം	- 450
12.	സൗത്ത് ട്രാവൻകൂർ ഡിസ്റ്റിലറി, നെയ്യാറ്റിൻകര	- 2400

ഇവയുടെ ഉൽപ്പാദനശേഷി പൂർണ്ണമായി ഉപയോഗിക്കുന്നില്ല.

(സി) വ്യാവസായികാവശ്യത്തിനുള്ള ആൽക്കഹോൾ നിർമ്മിക്കുന്ന ഒരു ഡിസ്റ്റിലറിക്ക് അനുവാദം കൊടുത്തു. (സൈലന്റ് സൺ കെമിക്കൽസ്, പാലക്കാട്)

(ഡി) ഇപ്പോൾ ഇല്ല. സംസ്ഥാനത്തിനാവശ്യമായ ഇൻഡ്യൻ നിർമ്മിത വിദേശമദ്യം സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിക്കുന്ന സാഹചര്യം വന്നുകഴിയുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്.

24 (*549) ഡിപ്പോകളിൽ കെട്ടിക്കിടക്കുന്ന തടികൾ

ശ്രീ. പി.ടി. കുഞ്ഞുമുഹമ്മദ് :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിന്റെ ഡിപ്പോകളിൽ കെട്ടിക്കിടക്കുന്ന തടികൾ ലേലം ചെയ്തു വിൽക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പല ഡിപ്പോകളിലും ലക്ഷക്കണക്കിന് രൂപയുടെ തടികൾ കെട്ടിക്കിടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവ യഥാസമയം ലേലം ചെയ്ത് സർക്കാരിലേക്ക് മുതൽകൂട്ടാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) പല ഡിപ്പോകളിലും ലേലവ്യവസ്ഥകളുടെ അശാസ്ത്രീയത കാരണം തടിലേലത്തിൽ പങ്കെടുക്കാൻ ആരും മുന്നോട്ട് വരാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly